# ലക്ഷ്യങ്ങൾ

1. എല്ലാ കുട്ടികളേയും വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക.
2. സാഹിത്യ അഭിരുചി വളർത്തുക.
3. വായനാശീലം വളർത്തുക.
4. ശാസ്ത്രപഠനത്തിൽ താൽപര്യം വളർത്തുക
5. അടിസ്ഥാന ഗണിത ക്രിയകൾ ഉറപ്പാക്കുക.
6. ഗണിതചിന്ത, യുക്തിചിന്ത, വിശകലനശേഷി എന്നിവ സൃഷ്ടിക്കുക.

## വിഷയാധിഷ്ഠിതമായ പ്രവർത്തനങ്ങൾ

ഓരോ ക്ലാസിലും ഓരോ വിഷയത്തിനും പ്രത്യേകമായി പഠന പ്രവർത്തനങ്ങൾ ക്രമീകരിച്ചിട്ടുണ്ട്.

**Std I & II മലയാളം**

രണ്ട് ക്ലാസുകളിലും കുട്ടികൾ കുറവായതിനാൽ വ്യക്തിഗത പ്രവർത്തനങ്ങൾക്കാണ് കൂടുതൽ പ്രാധാന്യം നൽകുന്നത്. ഭാഷയിൽ ചിഹ്നങ്ങൾ ഉറപ്പിക്കുന്നതിനും, അക്ഷരസ്ഫുടതയോടെ വായിക്കുന്നതിനും, തെറ്റില്ലാതെ എഴുതുന്നതിനും കൂടുതൽ പ്രവർത്തനങ്ങൾ നൽകുന്നു. ചിത്രവായന, കഥാവായന എന്നിവ ടീച്ചറിന്റെ സഹായത്തോടെ കുട്ടികൾ ചെയ്യുന്നു.

**Std III & Std IV**

ഈ ക്ലാസുകളിലും അക്ഷരതെറ്റില്ലാതെ വായിക്കാനും എഴുതാനും കുട്ടികളെ പ്രാപ്തരാക്കുന്നതിനുതകുന്ന പ്രവർത്തനങ്ങൾ നൽകി വരുന്നു. കഥ എഴുതൽ, കവിത, വരികൾ കൂട്ടിച്ചേർക്കൽ, വിവരണം തയ്യാറാക്കൽ, സംഭാഷണം എന്നിവയും സ്വയം ചെയ്യാൻ കുട്ടികളെ പ്രാപ്തരാക്കുന്നു.

## ഗണിതം.

പ്രൈമറിതലത്തിൽ ഓരോ കുട്ടിയും നേടേണ്ട സംഖ്യാബോധം, ഉറപ്പിക്കുന്നതിന് വേണ്ട പ്രവർത്തനങ്ങൾ നടത്തുന്നു. കുട്ടികൾക്ക് ഗണിതപഠനം ഉല്ലാസകരമാക്കുന്നതിന് കളികളിലൂടെയും പാട്ടുകളിലൂടെയും സംഖ്യാബോധം ഉറപ്പിക്കുന്നു.

## ഇംഗ്ലീഷ്

ഒന്നു മുതൽ നാല് വരെയുള്ള ക്ലാസുകളിലെ കുട്ടികൾക്ക് ഇംഗ്ലീഷ് ഭാഷയിൽ spelling തെറ്റാതെ എഴുതുന്നതിനും English words and small Sentence അവരുടേതായ കഴിവിൽ പ്രയോഗിക്കുന്നതിനും അവസരം നൽകുന്നു. ഇംഗ്ലീഷ് ഭാഷയോട് താൽപര്യം വർദ്ധിപ്പിക്കുന്നതിനായി games നടത്തുന്നു.

## പരിസരപഠനം

പ്രകൃതിയുമായി ഇഴചേർന്ന് പഠിപ്പിക്കുന്നതിലൂടെ പരിസരപഠനം കുട്ടികൾക്ക് ഉല്ലാസപ്രദമാണ്. നിരീക്ഷണങ്ങളിലൂടെയും പരീക്ഷണങ്ങളിലൂടെയും അധ്യാപകർ കുട്ടികളെ പരിസരപഠനത്തിൽ വിജയികൾ ആക്കുന്നു.

## I.C.T. പഠനസാധ്യതകൾ

എല്ലാ വിഷയങ്ങളും പഠിപ്പിക്കുന്നതിൽ I.C.T. സാധ്യതകൾ പ്രയോജനപ്പെടുത്തുന്നു. രണ്ട് Laptop കളും ഒരു പ്രൊജക്ടറും സ്കൂളിന് ഉണ്ട്. ഇവ ഉപയോഗിക്കുന്നതിലൂടെ പഠനം കുട്ടികൾക്ക് അനായാസവും ഉല്ലാസപ്രദവുമാണ്.

## കലാകായിക പ്രവർത്തനങ്ങൾ

പാഠ്യപ്രവർത്തനങ്ങളോടൊപ്പം തന്നെ കലാകായിക പ്രവർത്തനങ്ങൾക്കും പരിപോഷണം നൽകി വരുന്നു. സ്കൂളിന് സൗകര്യപ്രദമായി കളിസ്ഥലമില്ലാത്തതിനാൽ കായിക വിനോദത്തിന് കൂടുതൽ സാധ്യതകൾ ഇല്ല. ക്ലാസ് മുറികളിൽ ഒതുങ്ങുന്ന കലാകായിക പ്രവർത്തനങ്ങളാണ് നടത്തപ്പെടുന്നത്.

## ദിനാചരണങ്ങൾ

കുട്ടികളിൽ സാമൂഹ്യബോധം വളർത്തുന്നതിനും ഒരു ഉത്തമ പൗരനാകുന്നതിന്റെയും ഭാഗമായി എല്ലാ ദിനാചരണങ്ങളും

നടത്തി വരുന്നു. S.RG യിൽ തീരുമാനിച്ച് P.T.A യുടെ അഭിപ്രായങ്ങൾ തേടി എല്ലാ ദിനാചരണങ്ങളും നടത്തപ്പെടുകയും അതിനോട് അനുബന്ധിച്ചുള്ള മത്സരങ്ങൾ നടത്തപ്പെടുകയും വിജയികളെ കണ്ടെത്തി അവരെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു

## സ്കൂൾ പച്ചക്കറിത്തോട്ടം

സ്കൂളിന്റെ സ്ഥലപരിമിതി മൂലം പച്ചക്കറി കൃഷി ചെയ്യുവാനുള്ള സാഹചര്യങ്ങൾ കുറവാണ് എങ്കിലും ചെറിയ തോതിൽ പച്ചക്കറിത്തൈകൾ വെച്ചുപിടിപ്പിച്ചിട്ടുണ്ട്.

## സ്കൂൾ കലണ്ടർ

വാർഷിക കലണ്ടർ, മാസകലണ്ടർ എന്നിവ തയ്യാറാക്കി അതനുസരിച്ചുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. എല്ലാ പ്രവർത്തനങ്ങൾക്കും അതിന്റെ ചുമതലയുള്ള അധ്യാപകർ മേൽനോട്ടം വഹിക്കുന്നു. കുട്ടികളുടെ സർവ്വതോന്മുഖമായ വികാസം മാത്രമാണ് എല്ലാ പ്രവർത്തനങ്ങളുടെയും ലക്ഷ്യം.

## ഉപസംഹാരം

എല്ലാ കുട്ടികൾക്കും അർഹിക്കപ്പെട്ട അവരുടെ അവകാശമാണ് വിദ്യാഭ്യാസം എന്ന കാഴ്ചപ്പാടോടെയാണ് ഈ മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിരിക്കുന്നത്. സർക്കാരിന്റെയും രക്ഷകർത്താക്കളുടേയും സമൂഹത്തിന്റെയും അധ്യാപകരുടേയും പൂർണമായ സഹകരണത്തോടെ മാത്രമേ ഈ ലക്ഷ്യപ്രാപ്തിയിൽ എത്തിക്കാൻ കഴിയൂ. കാലാകാലങ്ങളിൽ വരുന്ന മാറ്റങ്ങളെ ഉൾക്കൊണ്ടുകൊണ്ട് വിദ്യാഭ്യാസത്തെ അതിന്റെ ഫലപ്രാപ്തിയിൽ എത്തിക്കാൻ കഴിയട്ടെ എന്ന് ആശംസിച്ചുകൊണ്ട് ഈ അക്കാദമിക മാസ്റ്റർ പ്ലാൻ ഉപസംഹരിക്കുന്നു.